## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ; *70** 30.06.2016-ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ പാർപ്പിട പ്രശ്നങ്ങൾ

**ചോദ്യം**
ശ്രീ.കെ.എം.ഷാജി
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.സി.മമ്മൂട്ടി
ശ്രീ.പി.കെ.ബഷീർ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസികളുടെ പാർപ്പിട പ്രശ്ന പരിഹാരത്തിന് നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിശദവിവരം നൽകാമോ; | എ) | ആദിവാസികളുടെ പാർപ്പിട പ്രശ്ന പരിഹാരത്തിനായി സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ അനുവദിക്കുന്നതിന് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ മുഖേനയും ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ച് വരുന്നു. വീട് അനുവദിച്ച് ആറ് വർഷം പൂർത്തിയായവയ്ക്ക് അറ്റകുറ്റപ്പണികൾ, നവീന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ അനുവദിയ്ക്കുന്നുണ്ട്. കൂടാതെ 12 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചതും, കാലപ്പഴക്കം കൊണ്ട് പുനരുദ്ധരിച്ച് ഉപയോഗിക്കാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാ ക്രമത്തിൽ പുതിയ വീടുകൾ അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതികൾ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ; | ബി) | ഭവന നിർമ്മാണത്തിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഐ.എ.വൈ പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച 18674 വീടുകൾക്ക് സർക്കാർ നൽകേണ്ട തുക വിതരണം ചെയ്തിട്ടില്ല. |
| സി) | ഇനിയും പാർപ്പിട സൗകര്യം ലഭ്യമായിട്ടില്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | ഭവനരഹിതരുടെ എണ്ണം |
|---|---|---|
| 1 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, നെടുമങ്ങാട് | 1072 |
| 2 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, കാഞ്ഞിരപ്പള്ളി | 102 |
| 3 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, ഇടുക്കി | 3188 |
| 4 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, അട്ടപ്പാടി | 259 |
| 5 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, നിലമ്പൂർ | 668 |
| 6 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, കൽപ്പറ്റ | 1714 |
| 7 | പ്രോജക്ട് ഓഫീസ് , ഐ.റ്റി.ഡി.പി, കണ്ണൂർ | 1571 |
| 8 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, പുനലൂർ | 156 |
| 9 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, റാന്നി | 218 |
| 10 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ | 360 |
| 11 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, ചാലക്കുടി | 192 |
| 12 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, പാലക്കാട് | 526 |
| 13 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, കോഴിക്കോട് | 252 |
| 14 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി | 2332 |
| 15 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, മാനന്തവാടി | 2872 |
| 16 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, കാസർഗോഡ് | 4579 |
| | **ആകെ** | **20061** |

Haripriya

സെക്ഷൻ ഓഫീസർ